**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- പുനലൂർ നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് സൂപ്പർവൈസർ ശ്രീ കെ.കെ.രാധാകൃഷ്ണപിള്ള, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി.ആർ. കശലകുമാരി, സീനിയർ ക്ലാർക്ക് ശ്രീ.ഓമനക്കുട്ടൻപിള്ള എന്നിവർക്കെതിരായ അച്ചടക്ക നടപടി - അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 892/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 26.04.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.09.2012 തീയതിയിലെ ഇ 2(എസ്.സി 04/12/കെഎൽഎം) 22741/12 നം. കത്ത്
2.സർക്കാരിന്റെ 16.01.2014 തീയതിയിലെ 76392/ഇയു2/13/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 14.02.2019 തീയതിയിലെ വി1-1334/14 നമ്പർ കത്ത്.

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 27.02.2012 തീയതിയിൽ 'ഓപ്പറേഷൻ ട്ടു ടയർ' എന്ന നാമധേയത്തിൽ പുനലൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ കെ.കെ.രാധാകൃഷ്ണപിള്ള, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി ആർ. കശലകുമാരി, സീനിയർ ക്ലാർക്ക് ശ്രീ ഓമനക്കുട്ടൻ പിള്ള എന്നിവർക്കെതിരെ പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാളുകൾ ലഭ്യമാക്കിയിട്ടുള്ള മറുപടികളിന്മേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു .

2. ശ്രീ കെ.കെ.രാധാകൃഷ്ണപിള്ളയുടെ ഉത്തരവാദിത്തത്തിലുള്ള ഹെൽത്ത് സെക്ഷനിൽ. വ്യക്തിഗതക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിരുന്നില്ലന്നും ഇൻസ്പെക്ഷൻ റിപ്പോർട്ടില്ലാതെ തന്നെ ഹെൽത്ത് ഇൻസ്പെക്ടർമാർ 2011-12 കാലയളവിൽ D&O ലൈസൻസ് നൽകിയിരുന്നതും D&O രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നതും ടിയാന്റെ മേൽനോട്ടക്കുറവായി കണ്ടെത്തിയതിനാലാണ് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. കുറ്റാരോപണമെമ്മോയ്ക്കുള്ള മറുപടിയിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്കാണെന്നും പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന യാതൊരു നിർദ്ദേശവും സെക്രട്ടറിയോ മറ്റ് ഉയർന്ന അധികാരികളോ നൽകിയിരുന്നില്ലെന്നും 12.09.2013- ൽ മാത്രമാണ് ഇത്തരത്തിൽ നിർദ്ദേശം സെക്രട്ടറി നൽകിയിട്ടുള്ളതെന്നും അപ്പോൾ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നുവെന്നും മറുപടി നൽകിയിരിക്കുന്നു. എന്നാൽ കാഷ്വൽ ലീവ് രജിസ്റ്റർ സൂക്ഷിച്ചിരുന്നതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുള്ളതാണ്. ഹെൽത്ത് സൂപ്പർവൈസറാണ് D&O ലൈസൻസ് അനുവദിക്കുന്നതെന്നും ഒരു ഹെൽത്ത് ഇൻസ്പെക്ടറും D&O രജിസ്റ്ററിൽ എല്ലാ

കോളറ്റും പൂരിപ്പിക്കേണ്ട ആവശ്യമില്ലെന്നും ആവശ്യമായതുമാത്രം പൂരിപ്പിച്ചു വരുന്നതാണെന്നും മറുപടിയിൽ പറയുന്നു. സർവ്വീസിനിടയിൽ യാതൊരു ആരോപണവും ടിയാനെതിരെ ഉണ്ടായിട്ടില്ലെന്നും യാതൊരു നിയമമോ ചട്ടമോ ടിയാൻ ലംഘിച്ചിട്ടില്ലെന്നും മറുപടിയിൽ പറയുന്നു .

3. വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ D&O ലൈസൻസിനുള്ള അപേക്ഷകളിൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നില്ലായെന്ന് കണ്ടെത്തിയത് കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയായതിനാലാണ് ശ്രീമതി കുശലകുമാരിക്ക് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളത്. ശ്രീമതി കെ കുശലകുമാരിയുടെ മറുപടി പ്രകാരം ഫെബ്രുവരി മാസത്തിൽ D&O ലൈസൻസ് അപേക്ഷ അഡ്വാൻസായി ലഭിച്ചുവരുന്നതും ഫെബ്രുവരി 1 മുതൽ മാർച്ച് 1 വരെ ധാരാളം അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നതിനാൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് കൊടുക്കാൻ സാധ്യമല്ലാത്തതുമാണ് എന്നും, മാർച്ച് മാസം 1 ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകളിൽ 1 ാം തീയതിക്കുശേഷം സംശയമുള്ള അപേക്ഷകളിൽ മാത്രം ഇൻസ്പെക്ഷൻ നടത്തുകയാണ് സാധാരണ ഓഫീസിൽ ചെയ്തു വരാറുള്ള നടപടി എന്നും പുതുതായി ലൈസൻസ് ലഭിക്കാൻ നൽകുന്ന അപേക്ഷകളിൽ മേലുദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന പ്രകാരമാണ് ഇൻസ്പെക്ഷൻ നടത്താറുള്ളതെന്നും ഇത്തരത്തിൽ നിർദ്ദേശം ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും ഇൻസ്പെക്ഷൻ നടത്തിയിട്ടുള്ളതാണെന്നും നഗരസഭയിൽ അനുവർത്തിച്ചുപോന്ന രീതി പ്രകാരമാണ് പരിശോധനകൾ നടത്തിയിട്ടുള്ളതെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിട്ടുള്ള കുറ്റം ചെയ്തിട്ടില്ല എന്നതിനാൽ ടിയാരിയുടെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിച്ചിരുന്നു .

4. വിജിലൻസ് പരിശോധന നടന്നിട്ടുള്ള 27.02.2012- ൽ ശ്രീ ഓമനക്കുട്ടൻപിള്ള അനധികൃതമായി ഹാജരായില്ലായിരുന്നുവെന്നതാണ് ടിയാനെതിരെയുള്ള ആരോപണം. 27.02.2012- ൽ ടിയാനും ഓഫീസിലെ മറ്റ് ചില ജീവനക്കാരും നഗരസഭയിലെ പുതിയ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന ജോലിയിലേർപ്പെട്ടിരിക്കുകയായിരുന്നെന്നും ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ താപനില വളരെ കൂടുതലായതിനാൽ രാവിലെ 8 മണി മുതൽ ബന്ധപ്പെട്ട വാർഡുകളിലെത്തുകയും 11 മണി മുതൽ ഓഫീസു ജോലികൾ നിർവ്വഹിക്കുകയും ചെയ്തു വന്നിരുന്നതാണ് എന്നും മറുപടി നൽകിയിരിക്കുന്നു. വൈകിട്ട് 3 മണിക്ക് ശേഷം ഓഫീസ് വിട്ടു പോയി 5.30 വരെ ജോലി തുടരുകയും ചെയ്യാറുണ്ടെന്നും പ്രസ്തുത ദിവസം ടിയാന്റെ ഭാര്യ കുളിമുറിയിൽ വീണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനാൽ അടിയന്തിരമായി ആശുപത്രിയിലേക്ക് പോയിട്ടുള്ളതാണെന്നും മന:പൂർവ്വമായി ഓഫീസിൽ ഹാജരാകാതെയിരുന്നിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കരുതെന്നും ടിയാൻ അപേക്ഷിച്ചിരുന്നു .

5. ടി വിഷയം സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾ മന:പൂർവ്വമായി കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയിട്ടില്ലെന്നും തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

6. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം , D&O രജിസ്റ്റർ , ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ തുടങ്ങിയവ യഥാവിധി സൂക്ഷിക്കാതിരിക്കുന്നത് കൃത്യവിലോപമായി കണക്കാക്കുന്നതും ആയതിന് പ്രത്യേക മേൽ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഉണ്ടായിട്ടില്ലയെന്നത് ന്യായീകരണമല്ലാത്തതുമാണ് സൂപ്പർവൈസറി ഓഫീസർമാരുടെ മേൽനോട്ടക്കുറവ് ഗൗരവമായി കാണുന്നതും യഥാവിധി സ്ഥലപരിശോധന

നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിൽ അലംഭാവം ഉണ്ടായിട്ടുള്ളത് :ആശാസ്യവുമല്ല. എന്നാൽ ശ്രീ.കെ.കെ.രാധാകൃഷ്ണപിള്ളയുടെ മറുപടി പരിഗണിച്ചും മന:പൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടില്ലാത്തതിനാലും ടിയാൻ 30.11.2012-തീയതി സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും ടിയാനതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും ശ്രീമതി കുശലകുമാരി മേലുദ്യോഗസ്ഥർ നിർദ്ദേശിച്ചിരുന്ന പ്രകാരമാണ് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നത് എന്നതിനാലും ടിയാരി 30.11.2013 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും തുടർന്നുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും അറിയിക്കുന്നു. കൂടാതെ ശ്രീ ഓമനക്കുട്ടൻപിള്ള അടിയന്തരഘട്ടത്തിലാണ് അവധിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതിനാലും ടിയാൻ 02/ 2017 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും മാനുഷികപരിഗണന നൽകി ടിയാനെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയിന്മേലുള്ള ഉദ്യോഗസ്ഥരുടെ മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ഹെൽത്ത് സൂപ്പർവൈസർ ശ്രീ കെ. കെ രാധാകൃഷ്ണപിള്ളയുടെ ഭാഗത്ത് മനപൂർവ്വമായ വീഴ്ച വന്നിട്ടില്ലായെന്നതും ടിയാൻ 30.11.2012 ന് സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി ആർ. കുശലകുമാരി 30.11.2013 ന് സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും, സീനിയർ ക്ലാർക്ക് ശ്രീ ഓമനക്കുട്ടൻ പിള്ളയുടെ മറുപടി വസ്തുപരമാണെന്നതിനാലും ടിയാൾ 02/ 2017 ൽ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ളതിനാലും ടിയാളുകൾക്കെതിരായ തുടർനടപടികൾ അവസാനിപ്പിക്കുന്നതിനുള്ള നഗരകാര്യഡയറക്ടറുടെ ശുപാർശ അംഗീകരിക്കാവുന്നതാണ്.

8. മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 27.02.2012-ൽ പുനലൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ കെ.കെ.രാധാകൃഷ്ണപിള്ള, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി.ആർ.കുശലകുമാരി, സീനിയർ ക്ലാർക്ക് ശ്രീ ഓമനക്കുട്ടൻ പിള്ള എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ കെ.കെ.രാധാകൃഷ്ണപിള്ള, ഹെൽത്ത് സൂപ്പർവൈസർ, പുനലൂർ നഗരസഭ
ശ്രീമതി.ആർ.കുശലകുമാരി, ഹെൽത്ത് ഇൻസ്പെക്ടർ, പുനലൂർ നഗരസഭ
ശ്രീ ഓമനക്കുട്ടൻ പിള്ള, സീനിയർ ക്ലാർക്ക്, പുനലൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്( 19.03.2019 തീയതിയിലെ VIG D1/ 212/ 2019- VIG -നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ